പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1999 14.07.2011- ലെ മറുപടി

## വിഴിഞ്ഞം ഡിപ്പോയിൽ നിന്നുള്ള ബസ്സുകൾ

ചോദ്യം

ഉത്തരം

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുതെന്ന് പറയാമോ; | (എ) | വിഴിഞ്ഞം ഡിപ്പോയിൽ രണ്ട് ജെൻറം സർവ്വീസുകൾ ഉൾപ്പടെ നിലവിൽ 70 ഷെഡ്യൂളുകളുണ്ട്. ആറ് വിഴിഞ്ഞം -പുന്നമൂട്- ബാലരാമപുരം-വിഴിഞ്ഞം സർക്കുലർ ചെയിൻസർവ്വീസ് ആരംഭിക്കുന്നതിലേക്കായി അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ബസിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതുകൊണ്ടാണ് മേൽസൂചിപ്പിച്ച സർവ്വീസുകൾ ഇതുവരെയും ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്. ബസും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | ആയതിനുവേണ്ടി എത്ര ബസ്സുകൾ ഡിപ്പോയിൽ നിലവിൽ ലഭ്യമാണ്; | (ബി) | വിഴിഞ്ഞം ഡിപ്പോയിൽ രണ്ട് ജെൻറം സർവ്വീസുകൾ ഉൾപ്പടെ നിലവിലുള്ള 70 ഷെഡ്യൂളുകൾക്കായി 74 ബസ്സുകൾ ഡിപ്പോയിലുണ്ട്. |
| (സി) | മുഴുവൻ ഷെഡ്യൂളുകളും ആരംഭിക്കാൻ ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ അനുവദിച്ചിട്ടുള്ള 70 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ സ്പെയർ ബസ്സുകൾ ഉൾപ്പെടെ 74 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.<br><br>ജീവനക്കാരുടെ കുറവ് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ